പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2334 | 18.06.2014- ലെ മറുപടിക്ക് |
|---|---|

**ഫോർമാലിനിൽ സൂക്ഷിച്ച മത്സ്യം വിപണനം ചെയ്യുന്നത് തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജയിംസ് മാത്യു | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മത്സ്യം അഴുകാതിരിക്കാൻ ഫോർമാലിൻ വ്യാപകമായി ചേർക്കുന്നതായും അതു മൂലം ധാരാളം പേർ വിഷാംശം കലർന്ന് മത്സ്യം കഴിച്ച് ആശുപത്രിയിലാകുന്നതായുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ധാരാളം പേർ ആശുപത്രയിലായിട്ടുള്ളതായിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മത്സ്യം അഴുകാതിരിക്കാൻ ഫോർമാലിൻ വ്യാപകമായി ചേർക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫുഡ് സേഫ്റ്റി ഓഫീസർമാർ പൊതു വിപണിയിൽ നിന്നുള്ള വിവിധ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് കൊച്ചിയിലുള്ള Central Institute of Fisheries Technology (CIFT) യിൽ പരിശോധിച്ചതിൽ അന്യസംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന മത്സ്യത്തിൽ അവ കേടുകൂടാതെയിരിക്കുവാൻ ഫോർമാലിൻ, അമോണിയയുൾപ്പെടെയുള്ള രാസവസ്തുകൾ ഉപയോഗിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | മാരകമായ ഇത്തരം വിഷം ഭക്ഷണ സാധനങ്ങളിൽ ചേർക്കുന്നവർക്കും അവ വിൽപ്പന നടത്തുന്നവർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ? | ബി) | സംസ്ഥാനത്ത് വ്യാപകമായി നടത്തുന്ന പരിശോധനകൾ തുടർന്നു വരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് ശേഖരിച്ചതിൽ അപകടകരമായ രാസവസ്തുകളുടെ സാന്നിദ്ധ്യം ചില സാമ്പിളുകളിൽ കണ്ടെത്തിയിട്ടുള്ളതും തുടർന്ന് തമിഴ്നാട്, ആന്ധ്രപ്രദേശ്,കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്ക് അത്തരം പ്രവണതകൾ അടിയന്തിരമായി തടയാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇതിനകം കത്ത് നൽകിയിട്ടുണ്ട് ആയതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച അറിയിപ്പും അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്രധാന മത്സ്യവിപണികൾ കേന്ദ്രികരിച്ച് പരിശോധനയ്ക്കായി മത്സ്യസാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട് പരിശോധനയിൽ ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയിട്ടുള്ള മത്സ്യം വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലനുശാസിക്കും പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ